**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5471** **15-03-2023 - ല്‍ മറുപടിയ്ക്ക്**

**കെ.എസ്.ആര്‍.ടി.സി.യുടെ വരുമാന നഷ്ടം കുറക്കുന്നതിന് നടപടി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആര്‍.ടി.സി. ബസ് സ്റ്റേഷനുകളില്‍ വാണിജ്യാവശ്യങ്ങള്‍ക്കായി നിര്‍മ്മിച്ചിട്ടുള്ള സ്റ്റാളുകള്‍, നിര്‍മ്മാണം പൂര്‍ത്തിയായ ഷോപ്പിംഗ് കോംപ്ലക്സുകള്‍ മുതലായവ എന്നു മുതലാണ് ഒഴിഞ്ഞു കിടക്കുന്നതെന്നുള്ള വിവരം സ്റ്റേഷനുകള്‍ തിരിച്ച് വിശദമാക്കാമോ; | (എ) | കെ.എസ്.ആര്‍.ടി.സി. ബസ് സ്റ്റേഷനുകളില്‍ സ്റ്റാളുകള്‍ക്ക് സ്ഥലം അനുവദിച്ച് ടെണ്ടര്‍ നടപടികളിലൂടെയാണ് ലൈസന്‍സിയെ കണ്ടെത്തുന്നത്. ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികള്‍ ഒഴിയുന്ന മുറയ്ക്ക് ലൈസന്‍സിയെ കണ്ടെത്തുന്നതിന് ടെണ്ടര്‍ നടപടികള്‍ സ്വീകരിച്ചു വരുന്നു. സ്റ്റാളുകള്‍, നിര്‍മ്മാണം പൂര്‍ത്തിയായ ഷോപ്പിംഗ് കോംപ്ലക്സുകള്‍ മുതലായവ എന്നു മുതലാണ് ഒഴിഞ്ഞു കിടക്കുന്നതെന്ന സ്റ്റേഷനുകള്‍ തിരിച്ച് വിവരം ശേഖരിച്ചുവരുന്നു. |
| (ബി) | ഓരോ സ്റ്റാളുകള്‍ക്കും, ഷോപ്പിംഗ് കോംപ്ലക്സുകള്‍ക്കും ലൈസന്‍സിയെ കണ്ടെത്തുന്നതിനായി ലേലം/ ടെണ്ടര്‍ നടപടികള്‍ ഏതെല്ലാം തീയതികളില്‍ നടത്തുകയുണ്ടായെന്ന് വ്യക്തമാക്കാമോ; | (ബി) | വിവരം ശേഖരിച്ചുവരുന്നു. |
| (സി) | ഒഴിഞ്ഞു കിടക്കുന്ന സ്റ്റാളുകള്‍ക്കും, ഷോപ്പിംഗ് കോംപ്ലക്സുകള്‍ക്കും അടിയന്തരമായി ലൈസന്‍സിയെ കണ്ടെത്തുക വഴി കെ.എസ്സ്.ആര്‍.ടി.സി.-യ്ക്ക് വരുമാനം ഉറപ്പാക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | കെ.എസ്.ആര്‍.ടി.സി. ബസ് സ്റ്റേഷനുകളിലെ സ്റ്റാളുകളും ഷോപ്പിംഗ് കോംപ്ലക്സുകളിലെയും ഒഴിഞ്ഞ് കിടക്കുന്ന കടമുറികള്‍ക്ക് ലൈസന്‍സികളെ കണ്ടെത്തുന്നത് വഴി കെ.എസ്.ആര്‍.ടി.സി.യ്ക്ക് അധിക വരുമാനം ലഭിക്കുന്നുണ്ട്. കടമുറികള്‍ ഒഴിയുന്ന മുറയ്ക്ക് ടെണ്ടര്‍ നടപടികള്‍ സ്വീകരിച്ചു വരുന്നു. |

സെക്ഷന്‍ ഓഫീസര്‍